നം.5630/ഇ1/2016/കെ.എസ്.എച്ച്.ഒ 14/08/2017

# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) – ഡെപ്യൂട്ടേഷൻ നിയമനങ്ങൾ

## വിജ്ഞാപനം

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) യിലെ ജില്ലാ ഓഫീസുകളിലുള്ള ഒഴിവുകൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നികത്തുന്നതിനും പട്ടിക തയ്യാറാക്കുന്നതിനുമായി യോഗ്യരായ കേന്ദ്ര-സംസ്ഥാന സർക്കാർ/ അർദ്ധസർക്കാർ ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

കുടുംബശ്രീ ജില്ലാ മിഷനുകളിലെ **അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് എന്നീ തസ്തികകളിലേയ്ക്കാണ് നിയമനം.** യോഗ്യതയുള്ള ജീവനക്കാർ ചട്ടപ്രകാരം അവരുടെ മാതൃവകുപ്പിൽ നിന്നുള്ള എൻ.ഒ.സി സഹിതം അപേക്ഷിക്കേണ്ടതാണ്.

### അസി.ജില്ലാമിഷൻ കോ-ഓർഡിനേറ്റർ

**ഒഴിവുകൾ:**

(കോട്ടയം: 1, മലപ്പുറം :1, കോഴിക്കോട്:1, കണ്ണൂർ : 1 )

**ശമ്പള സ്കെയിൽ :** 26500 - 56700 (പുതുക്കിയത്)

**യോഗ്യത**

- അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദം.
- സംഘാടന പാടവവും, ദാരിദ്ര്യ നിർമ്മാർജ്ജന-തൊഴിൽദാന പദ്ധതികൾ നടപ്പിലാക്കുന്ന പ്രവർത്തന മേഖലകളിൽ കുറഞ്ഞത് 3 വർഷത്തെ പ്രവൃത്തി പരിചയം അഭികാമ്യം.
- കൃഷി, ഗ്രാമവികസന/ സാമൂഹിക്ക്ഷേമ/പട്ടികജാതി-പട്ടികവർഗ്ഗ വികസന/ മത്സ്യ ബന്ധന വകുപ്പുകളിലെ ഓഫീസർമാർക്ക് മുൻഗണന.
- കംപ്യൂട്ടറിൽ പ്രായോഗിക പരിജ്ഞാനം ഉണ്ടായിരിക്കണം.
- സാമൂഹിക വിഷയങ്ങളിലെ ബിരുദാനന്തര ബിരുദം (എം.എസ്.ഡബ്ല്യൂ) എം.എ സോഷ്യോളജി തുടങ്ങിയവ) അഭികാമ്യം.
- എഴുത്തുപരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും തെരഞ്ഞെടുപ്പ്.

**ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ്**

ഒഴിവുകളുടെ എണ്ണം :

(കോട്ടയം :1, ഇടുക്കി:1, പാലക്കാട്:1, കാസർഗോഡ്:2 )

**ശമ്പള സ്കെയിൽ :** അപേക്ഷകർ 19000-43600 (പുതുക്കിയത്) ശമ്പള സ്കെയിലിൽ ഇപ്പോൾ ജോലി ചെയ്ത് വരുന്നവരായിരിക്കണം.

**യോഗ്യത**

- അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദം. ബിരുദാനന്തര ബിരുദം നേടിയവർക്ക് മുൻഗണന.
- കംപ്യൂട്ടറിൽ പ്രായോഗിക പരിജ്ഞാനം ഉണ്ടായിരിക്കണം.
- സാമൂഹിക വികസന പരിപാടികളിലും ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിലും താൽപ്പര്യവും ആഭിമുഖ്യവും ഉണ്ടായിരിക്കണം.

**അപേക്ഷകൾ അയയ്ക്കേണ്ട വിലാസം**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, ട്രിഡ ബിൽഡിംഗ്, ചാലക്കുഴി ലെയിൻ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം-695011.

**പ്രധാന തീയതികൾ**

1. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി : **31/08/2017 വൈകുന്നേരം 5.00 മണി**
2. എ.ഡി.എം.സി. തസ്തികയിലേയ്ക്ക് എഴുത്തുപരീക്ഷയും ഇന്റർവ്യൂവും : **16/09/2017 രാവിലെ 10.00 മണി മുതൽ** ഉണ്ടായിരിക്കും.

**(ഇന്റർവ്യൂവിനായി പ്രത്യേകം കത്ത് നൽകുന്നതല്ല)**

കൂടുതൽ വിവരങ്ങൾക്ക് കുടുംബശ്രീ വെബ്സൈറ്റ് (www.kudumbashree.org) സന്ദർശിക്കുക.

**(ഒപ്പ്)**
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ**

അംഗീകാരത്തോടെ,

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ